Draft #4 of File 91568/AD B 3-3/2022/AD B 3 Approved by DEPUTY REGISTRAR II (ADMIN) on 23-Dec-2023 10:54 PM - Page 1

# മഹാത്മാ ഗാന്ധി സർവ്വകലാശാല

## ക്വട്ടേഷൻ നോട്ടീസ്

എ.ഡി.ബി3/3/ഇ -വേസ്റ്റ്/2023 ഡിസംബർ /ഭരണം 23.12.2023

മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ നീക്കം ചെയ്യേണ്ടതായിട്ടുള്ള **ഇലക്ട്രിക് / ഇലക്ട്രോണിക് / ഇതര സാമഗ്രികൾ** എന്നിവ അടുത്ത രണ്ട് വർഷത്തേക്ക് തുക്കി വാങ്ങുവാൻ താൽപര്യമുള്ളവരിൽ നിന്നും മുദ്രവച്ച കവറിൽ മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

ഉപയോഗപ്രദമല്ലാത്ത കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ,പ്രിന്ററുകൾ ,എയർ കണ്ടീഷണറുകൾ, ഫ്രിഡ്ജുകൾ, കൂളറുകൾ,ബാറ്ററികൾ, ലാബിലെ മെഷീനുകൾ എന്നിവയാണ് വിൽക്കുവാൻ ഉദ്ദേശിക്കുന്നത്. ക്വട്ടേഷൻ നോട്ടീസും, ക്വട്ടേഷൻ ഫോം, ക്വട്ടേഷൻ നിബന്ധനകളും **www.mgu.ac.in** വെബ്സൈറ്റിൽ ലഭ്യമാണ്. **ക്വട്ടേഷൻ ഫോമിന്റെ വിലയായി 315/- (including 5% GST) (മുന്നൂറ്റി പതിനഞ്ച് രൂപ മാത്രം) ,EMD തുക ആയ 5,000/- രൂപയും ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്**. പൂരിപ്പിച്ച ക്വട്ടേഷനുകൾ മുദ്ര വച്ച കവറിൽ **ഡെപ്യൂട്ടി രജിസ്ട്രാർ II (ഭരണം) , എം.ജി സർവ്വകലാശാല , കോട്ടയം, 686560** എന്ന വിലാസത്തിൽ ലഭിക്കേണ്ട **അവസാന തീയതി** 03.01.2024, 1.30 PM. ക്വട്ടേഷൻ അടക്കം ചെയ്ത കവറിൽ "**ക്വട്ടേഷൻ -ഇ വേസ്റ്റ് -2023-ഡിസംബർ** " എന്ന് രേഖപ്പെടുത്തേണ്ടതാണ്.

**ക്വട്ടേഷനുകൾ തുറക്കുന്ന തീയതിയും സമയവും** 03.01.2024,2.15 PM

ബിന്ദു എൻ ബി

ഡപ്യൂട്ടി രജിസ്ട്രാർ 2 (ഭരണ വിഭാഗം)

(രജിസ്ട്രാർക്കു വേണ്ടി)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 91568/AD B 3-3/2022/AD B 3 Approved by DEPUTY REGISTRAR II (ADMIN) on 23-Dec-2023 10:55 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവകലാശാല**

**ക്വട്ടേഷൻ നിബന്ധനകൾ**

എ.ഡി.ബി3/3/ഇ -വേസ്റ്റ്/2023 ഡിസംബർ /ഭരണം 23.12.2023

1 . ക്വട്ടേഷൻ നോട്ടീസ്, നിബന്ധനകളും www.mgu.ac.in എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുകയോ, എ.ഡി.ബി.3 സെക്ഷനിൽ നിന്നും 03.01.2024 1.00 p.m വരെ കൈപ്പറ്റാവുന്നതാണ്. രജിസ്ട്രേഡ് തപാൽ മാർഗ്ഗമോ,നേരിട്ടോ,**ഡെപ്യൂട്ടി രജിസ്ട്രാർ II (ഭരണം ),മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി,കോട്ടയം -686560** എന്ന വിലാസത്തിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തിയതി 03.01.2024, 1.30 p.m. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ **നിരതദ്രവ്യ തുകയായി 5,000/- രൂപ (പതിനായിരം രൂപ മാത്രം )** ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. .**ക്വട്ടേഷൻ ഫോമിന്റെ വിലയായി 315/- രൂപ (300/- + 5% GST)** സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

2. ക്വട്ടേഷൻ അടക്കം ചെയ്ത കവറിൽ **"ക്വട്ടേഷൻ-ഇ-വേസ്റ്റ്-2023-ഡിസംബർ"** എന്ന് രേഖപ്പെടുത്തണം.ക്വട്ടേഷനുകൾ തുറക്കുന്ന തിയതി 03.01.2024, 2.15 p.m.

3.ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയെ / സ്ഥാപനത്തെ ഇ-വേസ്റ്റ് ശേഖരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും അനുവദിച്ചുകൊണ്ട് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ലഭിച്ചിട്ടുള്ളതും നിലവിൽ സാധുത ഉള്ളതുമായ അനുമതി പത്രത്തിന്റെ പകർപ്പ്,ക്വട്ടേഷൻ സമർപ്പിക്കുന്ന ആളിന്റെ ആധാർ കാർഡിന്റെ പകർപ്പ് എന്നിവ ക്വട്ടെഷനൊപ്പം സമർപ്പികേണ്ടതാണ് .

4.ക്വട്ടേഷനുകൾ തുറക്കുന്ന തിയതി മാറ്റുന്നതിനോ ലഭിച്ച ക്വട്ടേഷനുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കുന്നതിനോ ഉള്ള അധികാരം നിർവഹണ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കും.

5.ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി /സ്ഥാപനം അറിയിപ്പുകൾ ലഭിക്കുന്ന മുറയ്ക്ക് ലഭ്യമായ ഇനങ്ങൾ സർവകലാശാലയിലെ ലഭ്യമായ സ്ഥലങ്ങളിൽ നിന്നും ശേഖരിച്ചു തൂക്കം നിർണയിച്ചു ക്വട്ടേഷൻ പ്രകാരമുള്ള വിലയും തത്സമയത്തെ നിയമാനുസൃതമായുള്ള നികുതിയും ചേർത്ത് അടച്ച രസീത് കൈപ്പറ്റി നീക്കം ചെയ്യേണ്ടതാണ് .

6.ഓരോ ഇനങ്ങൾക്കും പ്രത്യേകം പ്രത്യേകമായി വില പരിഗണിക്കുന്നതിനും അതാത് വിഭാഗത്തിൽ ഏറ്റവും ഉയർന്ന വില വാഗ്ദാനം ചെയ്ത ചെയ്തിരിക്കുന്നവർക്ക് അതത് ഇനങ്ങൾ യൂണിവേഴ്സിറ്റി നിബന്ധനകൾക്ക് വിധേയമായി നൽകുന്നതുമാണ്.ഒരു മെഷീനിൽ ഒന്നിലധികം ഇനത്തിലുള്ള ഘടകങ്ങൾ ഉണ്ടെങ്കിൽ അവ വേർതിരിച്ചു കണക്കാക്കണമെന്ന് ആവശ്യപ്പെടാൻ സർവകലാശാലക്ക് അധികാരം ഉണ്ടായിരിക്കും.രേഖപ്പെടുത്തുന്ന നിരക്കുകൾ യൂണിവേഴ്സിറ്റിയ്ക്ക് ലാഭകരമായി ബോധ്യപ്പെടാത്ത പക്ഷം ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതാണ്.ക്വട്ടേഷൻ ഉറപ്പിക്കുന്നതുൾപ്പെടെയുള്ള എല്ലാ കാര്യത്തിലും സർവകലാശാലയുടെ തീരുമാനം അന്തിമമായിരിക്കും.

7.ലോഡിങ്ങുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്നയാളുടെ ഉത്തരവാദിത്വം ആയിരിക്കും .

8. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി / വ്യക്തികൾ നിശ്ചിത ദിവസത്തിനകം സാധനം എടുക്കാതെ പിന്മാറുന്ന പക്ഷം പുനർ വിൽപനയിൽ ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ബന്ധപ്പെട്ട പാർട്ടി

ഉത്തരവാദിയായിരിക്കുന്നതാണ്.കൂടാതെ സെക്യൂരിറ്റി തുക ഉൾപ്പെടെ അതുവരെ അടച്ച എല്ലാ തുകയും സർവകലാശാല അക്കൗണ്ടിലേക്കു മുതൽ കൂട്ടുകയും നഷ്ടം വരുന്ന തുക കോടതി ചെലവ് ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടി എടുക്കുന്നതുമാണ് .

9. ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ എ.ഡി.ബി.3 സെക്ഷനിൽ നിന്നും ലഭിക്കുന്നതാണ്.
ഫോൺ: 0481-2733236

ബിന്ദു എൻ ബി
ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഭരണ വിഭാഗം)
(രജിസ്ട്രാർക്കു വേണ്ടി)

Draft #3 of File 91568/AD B 3-3/2022/AD B 3 Approved by DEPUTY REGISTRAR II (ADMIN) on 23-Dec-2023 10:55 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

<u>**ക്വട്ടേഷൻ ഫോം**</u>

ക്വട്ടേഷൻ നോട്ടീസ് നം എ.ഡി.ബി3/3/ഇ -വേസ്റ്റ് /2023 ഡിസംബർ /ഭരണം 22.12.2023 പ്രകാരം **മഹാത്മാഗാന്ധി സർവകലാശാല കാമ്പസിൽ നീക്കം ചെയ്യേണ്ടതായിട്ടുള്ള ഇലക്ട്രിക് ,ഇലക്ട്രോണിക്സ് ,ഇതര സാമഗ്രികൾ എന്നിവ താഴെ പറയുന്ന നിരക്കിൽ 2 വർഷത്തേക്ക്** തൂക്കി വാങ്ങുന്നതിനുള്ള സന്നദ്ധത അറിയിക്കുന്നു.അതാത് സമയത്ത് പ്രാബല്യമുള്ള **നികുതി ഇതിനു പുറമെ അടക്കുന്നതാണ്.**

| Sl no | Item(ഇനം ) | Rate/Kilogram (നിരക്ക് / ഒരു കിലോഗ്രാമിന് ) |
|---|---|---|
| 1 | **ഇ-വേസ്റ്റ്** | |
| 2 | **എയർ കണ്ടിഷണറുകൾ** | |
| 3 | **ഫ്രിഡ്ജുകൾ/ കൂളറുകൾ** | |
| 4 | **ബാറ്ററികൾ** | |
| 5 | **ലാബിലെ മെഷീനുകൾ** | |
| 6 | മോട്ടോർ/ ജനറേറ്റർ | |

പേര്
മേൽവിലാസം

ഫോൺ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 91568/AD B 3-3/2022/AD B 3 Approved by DEPUTY REGISTRAR II (ADMIN) on 22-Dec-2023 03:19 PM - Page 1